# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1500** | **14-06-2013 ൽ മറുപടിയ്ക്ക്**

## പോളച്ചിറ ഏലായിലെ വടക്കാഞ്ചേരി മോഡൽ നെൽകൃഷി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ പരിധിയിൽ വരുന്ന പോളച്ചിറ ഏലായിൽ എത്ര ഏക്കർ ഭൂമി കൃഷിയോഗ്യമാണെന്നും നിലവിൽ എത്ര കൃഷിക്കാരുണ്ടെന്നും അറിയിക്കുമോ; | (എ) | 250 ഏക്കർ ഭൂമി കൃഷിയോഗ്യമാണ്.<br>നിലവിൽ 143 കൃഷിക്കാർ ഉണ്ട്. |
| (ബി) | ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ വടക്കാഞ്ചേരി മോഡൽ നെൽകൃഷി പദ്ധതി നടപ്പിലാക്കിയപ്പോൾ എത്ര ഏക്കർ ഭൂമിയിലാണ് നെൽകൃഷി ചെയ്തതെന്നും ഗുണഭോക്താക്കൾ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | 250 ഏക്കർ ഭൂമി കൃഷിയോഗ്യമാണ്.<br>ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ 143 കൃഷിക്കാർ ആണ്. |
| (സി) | പ്രസ്തുത നെൽകൃഷി പദ്ധതി നടപ്പിലാക്കിയപ്പോൾ ത്രിതല പഞ്ചായത്തിൽ നിന്നും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും, ആയത് ഏതൊക്കെ പ്രവർത്തനങ്ങൾക്കായിരുന്നുവെന്നും വെളിവാക്കുമോ; | (സി) | <u>ജില്ലാ പഞ്ചായത്ത് വിഹിതം</u> - 5,36,500/- രൂപ<br>ചെലവിനം (വിത്ത്- 86500/-<br>നിലമൊരുക്കൽ-450000/-)<br><u>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</u>- 107300/- രൂപ<br>ചെലവ് (കമ്മായം - 107300/-)<br><u>ഗ്രാമപഞ്ചായത്ത് വിഹിതം</u> - 405450/- രൂപ<br>ചെലവ് (വളം- 301900/- രൂപ<br>സ്യൂഡോമോണാസ് - 50000/- രൂപ<br>പി.പി.സി- 25000/- രൂപ) |

| | | | |
|---|---|---|---|
| (ഡി) | കൃഷി വകുപ്പിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്ക് തുക വിനിയോഗിച്ചുവോ; എങ്കിൽ എത്ര രൂപയെന്നും, എന്ത് ആവശ്യത്തിനെന്നും അറിയിക്കുമോ; | (ഡി) | ഉപയോഗിച്ചു. ആർ.കെ.വി.വൈ യിൽ നിന്നും 91210/- രൂപ കൂലി ചെലവിനായി ചെലവഴിച്ചു. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; നെല്ലിന്റെ ഉല്പാദനം കണക്കാക്കുന്നതിലേക്ക് കൃഷിവകുപ്പ് സ്വീകരിച്ച മാനദണ്ഡം എന്താണ്; | (ഇ) | 360 മെട്രിക് ടൺ (ക്രോപ്പ് കട്ടിംഗ് സാമ്പ്ലിങ് മെത്തേഡ് മുഖാന്തിരം) |
| (എഫ്) | ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര രൂപയാണ് വിനി യോഗിച്ചതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ; | (എഫ്) | കണക്കാക്കിയിട്ടുണ്ട്. 28,36,435/- രൂപ |
| (ജി) | ആകെ എത്ര ലക്ഷം രൂപയുടെ പദ്ധതി പോളച്ചിറ ഏലായിൽ വടക്കാഞ്ചേരി മോഡൽ നെൽകൃഷിക്ക് ഉപയോഗിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് അറിയിക്കുമോ; | (ജി) | ഉണ്ട്. 39,76,895/- രൂപ |
| (എച്ച്) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തെക്കുറിച്ചും സാമ്പത്തിക വിനിയോഗത്തെക്കുറിച്ചും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (എച്ച്) | നടത്തിയിട്ടുണ്ട്. കൃഷിക്കാവശ്യമായ ഗുണമേന്മയുള്ള വിത്ത് സൗജന്യമായും, മറ്റ് ഉല്പാദനോപാധികളായ കുമ്മായം, വളം, സ്യൂഡോമോണാസ്, പി.പി.സി എന്നിവ 50% സബ്സിഡി നിരക്കിലും പൂട്ടുകൂലിയിനത്തിൽ ഒരു ഹെക്ടറിന് 4500/- രൂപ എന്നിവയും പാടശേഖരം വഴി കർഷകർക്ക് വിതരണം നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ